LIBRARY ARCHIVES Kerala Legislative Assembly

തെക്കുംകര സമഗ്ര ശുദ്ധജല വിതരണ പദ്ധതി

79 [242] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കുംകര സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം മന്ദഗതിയിലാക്കാൻ തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തെക്കുംകര സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ പമ്പിംഗ് മെയിനിന്റെ പണി ഭാഗികമായും ഗ്രാവിറ്റി മെയിനിന്റെ പണി മുഴുവനായും പൂർത്തിയായി. 5.64 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഭൂതല സംഭരണിയുടെ പണി പൂർത്തിയായിട്ടുണ്ട്. 3 എം.എൽ.ഡി. കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ പ്ലാന്റിന്റെ പണി പൂർത്തിയായിവരുന്നു. വിതരണ ശൃംഖല ഭാഗികമായി പൂർത്തിയായി. ഡാമിനോട് ചേർന്ന് പുഴയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വെൽ-കം-പമ്പ് ഹൗസിന്റെ ടെണ്ടർ പരിശോധനാഘട്ടത്തിലാണ്. കിണർ നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(ബി) വാഴാനി ഡാമിൽ നിന്നും പ്രസ്തുത പദ്ധതിക്കുവേണ്ടി ജലം ശേഖരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണം മന്ദഗതിയിലാകാൻ കാരണം.

(സി) തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ശുദ്ധജല തടാകങ്ങൾ

80 [243] ശ്രീ. എം. മുരളി:
,, എ. പി. അനിൽകുമാർ:
,, എഴുകോൺ നാരായണൻ:
ശ്രീമതി രാധാരാഘവൻ:

ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ശുദ്ധജല തടാകങ്ങളാണുള്ളത്;

(ബി) ഇവയിലെ ജലവിതാനം കുറഞ്ഞുവരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഡി) ശാസ്താംകോട്ട കായൽ സംരക്ഷിക്കുന്നതിനുവേണ്ട എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇതിന്റെ സംരക്ഷണത്തിന് കേന്ദ്രഗവൺമെന്റിൽ നിന്ന് എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ജി) പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് വിനിയോഗിച്ചത്?

ഉത്തരം

(എ) സംസ്ഥാനത്ത് നാലു ശുദ്ധജല തടാകങ്ങളാണുള്ളത്. അവ തിരുവനന്തപുരത്തെ വെള്ളായണി കായൽ, കൊല്ലത്തെ ശാസ്താംകോട്ട കായൽ, ഇടുക്കി ജില്ലയിലെ ഇലവീഴാപൂഞ്ചിറ, വയനാട് ജില്ലയിലെ പൂക്കോട് തടാകം എന്നിവ.

(ബി) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായലിലേയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട കായലിലേയും ജലവിതാനം കുറഞ്ഞുവരുന്നുണ്ട്.

(സി) ഈ തടാകങ്ങളിലേക്കുള്ള മണ്ണൊലിപ്പ് കൂടുന്നതും സമീപ പ്രദേശങ്ങളിലെ ജലനിലവാരം താഴുന്നതും ബാഷ്പീകരണവുമാണ് ഇതിന് കാരണങ്ങൾ.

(ഡി) ശാസ്താംകോട്ട കായൽ സംരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ (സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്) സഹകരണത്തിൽ ജില്ലാ പദ്ധതി നിർവ്വഹണ സമിതി ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

(ഇ ആന്റ് എഫ്) ശാസ്താംകോട്ട തടാക സംരക്ഷണത്തിനായി കേന്ദ്ര ഗവൺമെന്റ് ഇതുവരെ 12.12 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ജി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ശിൽപ്പശാലാ പരിശീലനം, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം, സമീപവാസികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കി നൽകുക തുടങ്ങിയവയ്ക്കായി ചിലവഴിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly